# ജിന്ന്

## അമാനി മൗലവിക്ക് നിങ്ങളോട് ചിലത് സൂചിപ്പിക്കുവാനുണ്ട്

**ചോദ്യം:** ജ്യോതിശാസ്ത്രത്തെ കുറിച്ച് ഇസ്‌ലാമിക വീക്ഷണം എന്താണ്?

**അമാനി മൗലവി (റഹി):**

عن ابن عباس قال: عن رسول الله صلى اللّه عليه وسلم: "مَنِ اقْتَبَسَ مِنْ عِلْمِ النُّجُومِ لِغَيْرِ مَا ذَكَرَ اللهُ فَقَدِ اقْتَبَسَ شَعْبَةً مِنَ السِّحْرِ الْمُنَجِّمُ كَاهِنٌ وَالْكَاهِنُ سَاحِرٌ وَالسَّاحِرُ كَافِرٌ" (رزين)

ഇബ്നു അബ്ബാസ് നബി(സ)യിൽ നിന്നുദ്ധരിക്കുന്നു, ആരെങ്കിലും അല്ലാഹുവിനെ സ്മരിക്കാനുപയുക്തമായ വല്ല കാര്യത്തിനും വേണ്ടിയല്ലാതെ ജ്യോതിശാസ്ത്രത്തിൽനിന്നും വല്ലതും പകർത്തിയാൽ ഒരു വക 'സിഹ്റാ'ണ് അയാൾ പകർത്തിയത്. ജ്യോത്സ്യൻ പ്രശ്നം വെക്കുന്നവനാണ്. പ്രശ്നം വെക്കുന്നവൻ മാരണക്കാരനാണ്. മാരണക്കാരൻ അവിശ്വാസിയാണ്.[1] (റുസൈൻ). എല്ലാത്തരം മാരണവിദ്യകളും കൺകെട്ടും ചെപ്പടിവിദ്യകളും ഗൂഢോത്രങ്ങളും സിഹ്റിൽ ഉൾപ്പെടുന്നു. (അമാനി മൗലവി, ഇസ്‌ലാമിക ജീവിതം, പേജ് 431)

**ചോദ്യം:** ജ്യോത്സ്യൻമാരെ സമീപിക്കുന്നതിലുള്ള ദോഷം ഒന്നു വിവരിക്കാമോ?

**അമാനി മൗലവി (റഹി):**

عن رسول الله صلى الله عليه وسلم. قَالَ: "مَنْ أَتَى عَرّافاً فَسَأَلَهُ عَنْ شَيْءٍ فَصَدَّقَهُ لَمْ تُقْبَلْ لَهُ صَلاَةُ أَرْبَعِينَ يَوْماً".(مسلم)

നബി(സ), ആരെങ്കിലും ഒരു ജ്യോത്സ്യന്റെടുക്കൽ ചെന്ന് അയാളോട് വല്ലതിനെക്കുറിച്ചും ചോദിക്കുകയും എന്നിട്ട് ജ്യോത്സ്യൻ പറഞ്ഞത് വിശ്വസിക്കുകയും ചെയ്താൽ, അവന്റെ നാല്പത് ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടുന്നതല്ല (മുസ്‌ലിം)

മറഞ്ഞ കാര്യത്തെ (ഗൈബ്)പ്പറ്റി - അത് ഭൂതമോ, ഭാവിയോ, വർത്തമാനമോ ആകട്ടെ – സംസാരിക്കുകയും, എന്തെങ്കിലും കളങ്ങളോ കരുക്കളോ മറ്റോ ഉപയോഗിച്ച് പ്രശ്നം നോക്കുകയും ചെയ്യുന്ന എല്ലാവരും ഈ ഹദീസിൽ ഉപയോഗിച്ചിട്ടുള്ളതും 'ജ്യോത്സ്യൻ' എന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ളതുമായ 'അർറാഫ്' എന്ന പദത്തിന്റെ അർത്ഥപരിധിയിൽ ഉൾപ്പെടുന്നു.

---

[1] ഈ ഹദീഥിന്റെ ഒരു ഭാഗം ഇബ്നു അബ്ബാസിൽ നിന്നു അഹ്മദ്(1/227, 311), അബൂ ദാവൂദ്(ന. 3905), ഇബ്നു മാജ(ന. 3726) എന്നിവർ ഉദ്ധരിച്ചിട്ടുണ്ട്. ഇതിന്റെ പരമ്പര സ്വഹീഹാണെന്ന് ശൈഖ് അൽബാനി സ്ഥിരീകരിച്ചു. (*സിൽസിലത്തുസ്സ്വഹീഹ*: 793)

അവരുടെ 'സൂത്ര'ത്തിന് കണക്കുനോക്കൽ, മഷിനോട്ടം, ഇസ്മിന്റെ പണി, മന്ത്രവാദം എന്നിങ്ങനെ എന്തു പേരു പറഞ്ഞാലും ശരി. (അമാനി മൗലവി, ഇസ്ലാമിക ജീവിതം, പേജ് 428)

**ചോദ്യം:** നാല്പതു ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടാത്തതിൽ കവിഞ്ഞ് മറ്റെന്തെങ്കിലും ദോഷം അതിലുണ്ടോ?

**അമാനി മൗലവി (റഹി):**

رسول اللّه صلى اللّه عليه وسلم: "مَنْ أَتَى كَاهِناً فَصَدَّقَهُ بِمَا يَقُولُ أَوْ أَتَى امْرَأَتَهُ حَائِضاً أَوْ أَتَى امْرَأَتَهُ فِي دُبُرِهَا؛ فَقَدْ بَرِأَ مِمَّا أُنْزِلَ عَلَى مُحَمَّدٍ". (احمد، ابو داود)

നബി(സ), ആരെങ്കിലും പ്രശ്നക്കാരനെ സമീപിച്ച് അയാൾ പറഞ്ഞത് വിശ്വസിച്ചു, അല്ലെങ്കിൽ ആർത്തവകാലത്ത് ഭാര്യയെ സംഭോഗം നടത്തി, അല്ലെങ്കിൽ സ്വന്തം ഭാര്യയെ ഗുദരതിക്കുപയോഗിച്ചു, എന്നാൽ മുഹമ്മദിന്ന് അവതീർണ്ണമായതിൽ (ഖുർആനിൽ) നിന്ന് അവൻ വ്യതിചലിച്ചുപോയി.[2] (അഹ്മദ്, അബൂദാവൂദ്) (അമാനി മൗലവി, ഇസ്ലാമിക ജീവിതം, പേജ് 431)

**ചോദ്യം:** ജ്യോത്സ്യൻമാർ പറയുന്ന ചില കാര്യങ്ങൾ ഒത്തുവരുന്നത് എങ്ങനെയാണ്?

**അമാനി മൗലവി (റഹി):**

عائشة: سَأَلَ أُنَاسٌ رَسُولَ اللهِ صلى الله عليه وسلم عَنِ الْكُهَّانِ، فَقَالَ لَهُمْ رَسُولُ اللهِ صلى الله عليه وسلم: (إِنَّهُمْ لَيْسُوا بِشَيْءٍ). قَالُوا: يَا رَسُولَ اللهِ، فَإِنَّهُمْ يُحَدِّثُونَ أَحْيَاناً بِشَيْءٍ يَكُونُ حَقاًّ؟ فَقَالَ رَسُولُ اللهِ صلى الله عليه وسلم: (تِلْكَ الْكَلِمَةُ مِنَ الْحَقِّ، يَخْطِفُهَا الْجِنُّ، فَيُقِرُّهَا فِي أُذُنِ وَلِيِّهِ قَرَّ الدَّجَاجَةِ، فَيُخْلِطُونَ فِيهَا أَكْثَرُ مِنْ مِائَةِ كَذْبَةٍ). (متفق عليه)

ആയിശ(റ), ചിലയാളുകൾ നബി(സ)യോടു പ്രശ്നക്കാരെപ്പറ്റി ചോദിച്ചു. അപ്പോൾ അവിടുന്ന് പറഞ്ഞു, "അവർ ഒന്നുമല്ല." അവർ പറഞ്ഞു, "അല്ലാഹുവിന്റെ ദൂതരേ, ചില അവസരങ്ങളിൽ അവർ ചിലതൊക്കെ പറയുന്നത് ശരിയാകുന്നുണ്ടല്ലോ?" നബി(സ) പറഞ്ഞു, "ശരിയാകുന്ന ആ വാക്ക് ജിന്ന് കവർന്നെടുത്ത് അതിന്റെ ബന്ധുവിന്റെ ചെവിയിൽ കോഴി കുറുകുന്നപോലെ കുറുകി (മന്ത്രിച്ചു) കൊടുക്കുന്നതാണ്. നൂറിലധികം കള്ളം അതിൽ കൂട്ടിച്ചേർത്തിട്ടുമുണ്ടാകും. (ബുഖാരി, മുസ്ലിം)

അയാൾ പറയുന്ന പലതും ഒത്തുകാണുന്നല്ലോ എന്ന ന്യായീകരണത്തിൽ പ്രശ്നക്കാരെയും ഗണിതക്കാരെയും മിനുക്കിക്കാണിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവർക്കും, പ്രശ്നംനോക്കാൻ പാടില്ലെങ്കിൽ എങ്ങനെയാണ് പ്രശ്നക്കാരും ഗണിതക്കാരും ചില കാണാക്കാര്യങ്ങൾ പറയുന്നതും അതൊത്തുവരുന്നതുമെന്നു സംശയിക്കുന്നവർക്കും നബി(സ)യുടെ മറുപടി ശ്രദ്ധേയമാകേണ്ടതാണ്. (അമാനി മൗലവി, ഇസ്ലാമിക ജീവിതം, പേജ് 430)

---

[2] അബൂഹുറയ്റയിൽ നിന്നും അഹ്മദ്, അബൂ ദാവൂദ്, തിർമിദി, നസാഈ, ഇബ്നു മാജ എന്നിവർ ഉദ്ധരിച്ചത്. ഇതിന്റെ പരമ്പര സ്വഹീഹാണെന്ന് ശൈഖ് അൽബാനി സ്ഥിരീകരിച്ചു. (*ഇർവാഉൽ ഗലീൽ*: ന. 2006, *സ്വഹീഹുൽ ജാമിഅ്*: ന. 5942, *തഖ്രീജ് മിശ്കാത്ത്*: ന. 551)

**ചോദ്യം:** പിശാച് മനുഷ്യരെ സഹായിക്കുമെങ്കിൽ അത് സ്വീകരിക്കുന്നതിലുള്ള അപകടം വിശദീകരിക്കാമോ? മാത്രമല്ല, ഗൈബ് അറിയുന്നത് അള്ളാഹുവിന് മാത്രമായിരിക്കെ അള്ളാഹുവിന്റെ സൃഷ്ടികളെ പിശാച് സഹായിക്കുന്നു എന്ന് കരുതുന്നത് തെറ്റല്ലെ?

**അമാനി മൗലവി (റഹി):**

ഭാവിയെ സംബന്ധിച്ചിടത്തോളം, ഏതെങ്കിലും ചില കാര്യങ്ങളെ അടിസ്ഥാനമാക്കി, ലോക സമ്പ്രദായമനുസരിച്ച് ചില അനുമാനങ്ങൾ സ്വരൂപിക്കാനേ സൃഷ്ടികൾക്ക് കഴിയൂ. നാളെ ഇത്രമണിക്ക് മഴ പെയ്യുമെന്നോ, മറ്റന്നാൾ ഇന്നയാൾ വെള്ളത്തിൽ മുങ്ങിമരിക്കുമെന്നോ ആർക്കും കൃത്യമായും ഉറപ്പായും പറയുക സാധ്യമല്ല തന്നെ. ഇതുപോലെത്തന്നെയാണ് വർത്തമാന-ഭൂതങ്ങളിൽ പഞ്ചേന്ദ്രിയങ്ങൾക്കപ്പുറമുള്ള കാര്യത്തിലും ഊഹാനുമാനങ്ങൾ നടത്തുന്നതിൽ എല്ലാവരും ഒരുപോലെയല്ലന്നു പറയാം. ഓരോരുത്തന്റെയും ബുദ്ധിക്കും ചിന്തക്കും അറിവിന്നും പുറമെ, ഓരോരുത്തർക്കുമുപയോഗപ്പെടുത്താൻ കഴിയുന്ന മാർഗങ്ങളുടെ ഏറ്റക്കുറവിനനുസരിച്ച് അനുമാനങ്ങൾ ശരിയായും തെറ്റായും പുലർന്നെന്നുവരാം. ഉദാഹരണമായി, ഒരാളുടെ ജ്വരം രണ്ടു ദിവസം കൊണ്ട് സുഖപ്പെടുമോ ഇല്ലയോ എന്നതിൽ, ഡോക്ടർമാരുടെ നിഗമനമായിരിക്കും ഒത്തുവരിക. പല ഡോക്ടർമാരുടെയും അഭിപ്രായങ്ങൾക്കെതിരായി ചിലപ്പോൾ ഒരു വിഡ്ഢി പറഞ്ഞതനുസരിച്ചും സംഭവിച്ചുകൂടായ്കയില്ല. എന്തുതന്നെയായാലും സംഭവിച്ചപ്പോൾ തങ്ങളുടെ അഭിപ്രായം ശരിയായെന്നല്ലാതെ, ഒരു വിധത്തിലും മാറ്റം വരുവാൻ പാടില്ലാത്ത ഒരു അറിവ് അവർക്കാർക്കും അതെപ്പറ്റി ഉണ്ടായിരുന്നില്ല.

ജിന്ന്, അഥവാ ഭൂതവർഗമാകട്ടെ, മനുഷ്യരേക്കാൾ രൂക്ഷവും ഗതാഗത വേഗതയുള്ളതുമാണ്. അങ്ങനെ സാധാരണ മനുഷ്യർക്ക് കഴിയാത്ത പലതും അതിനു കഴിയുന്നു. “നിങ്ങൾ അങ്ങോട്ടു കാണാത്ത വിധത്തിൽ അവർ നിങ്ങളെ കാണുന്നു”വെന്ന് ഖുർആൻ (സൂറഃ അഅ്റാഫിൽ) പറയുന്നുണ്ട്. രക്തസഞ്ചാരമുള്ളേടത്തെല്ലാം പിശാച് സഞ്ചരിക്കുമെന്ന് ഒരു നബിവാക്യത്തിൽ നാം കണ്ടുകഴിഞ്ഞല്ലോ. മനുഷ്യനെ വഴിപിഴപ്പിക്കാൻ നാനാവിധത്തിൽ പിശാച് ശ്രമിക്കുമെന്നും ഖുർആൻ പറഞ്ഞിട്ടുള്ളതാണ്. ആകയാൽ, ഏതെങ്കിലും ഒരു പിശാചിനെ പ്രത്യേകം സേവിച്ചില്ലെങ്കിൽ കൂടി, മറഞ്ഞകാര്യം, ഗണിച്ചും പ്രശ്നം നോക്കിയും പറയുന്ന കാര്യത്തിൽ, പൈശാചിക സഹായം കിട്ടും. തൻമൂലം മറ്റുള്ളവർക്കറിയാൻ പ്രയാസമുള്ള പല അറിവും ഇത്തരം ജോലിയിലേർപ്പെട്ടവർക്കു ലഭിക്കുകയും ചെയ്യും. ഇതിൽ യാതൊരസാംഗത്യവും ഇല്ല തന്നെ. പിശാചിനെ പ്രത്യേകം പൂജയും മറ്റു കർമ്മങ്ങളും നടത്തി സേവിക്കുന്നവർക്ക് അവന്റെ സേവ ലഭിക്കുന്നതിലും അസാംഗത്യമില്ല. എന്നാൽ ഇത്തരക്കാർ പറയുന്നത് തെറ്റോ ശരിയോ എന്നതല്ല പ്രശ്നം. അവരുടെയടുക്കൽ പോകാമോ, അവർ പറയുന്നത് വിശ്വസിക്കാമോ, അവരെക്കൊണ്ട് വല്ലതും ചെയ്യിക്കാമോ എന്നതാണ്. ഇതെല്ലാം ഇസ്‌ലാം കർശനമായി വിരോധിച്ചിരിക്കുന്നു. നിഷിദ്ധമായ വസ്തുക്കളുപയോഗിച്ച് ചികിത്സിക്കുന്നത് വിരോധിച്ചപോലെത്തന്നെ, അതുകൊണ്ട് സുഖം കിട്ടുന്നുണ്ടോ ഇല്ലേ എന്നല്ല നോക്കേണ്ടത്. ഇസ്‌ലാമിക ശരീഅത്ത് അത് വിരോധിച്ചിട്ടുണ്ടോ അതോ അനുവിദച്ചിട്ടുണ്ടോ എന്നാണ്.

മറഞ്ഞ കാര്യം അള്ളാഹുവിനു മാത്രമേ അറിയൂ എന്ന വിശ്വാസത്തോട്, പിശാച് മുഖേന അവന്റെ സേവകർക്ക് ലഭിക്കുന്ന അറിവിനെക്കുറിച്ചുള്ള ഈ ധാരണ എതിരാകുന്നില്ല. പിശാചിനെത്തന്നെ നിഷേധിക്കുന്ന ചിലർ അങ്ങനെയും വാദിച്ചേക്കാം. മറഞ്ഞ കാര്യം അള്ളാഹുവിനേ അറിയൂ എന്നു പറയുന്നതിന്റെ ഉദ്ദേശ്യം, ഏതു കാര്യവും കാല-ദേശമോ, ഏതു തരത്തിലുമുള്ള വകഭേദമോ ഇല്ലാത ശരിക്കും കൃത്യമായും അണുഅളവ് പിഴക്കാതെയും ദൃഢമായി അറിയുക അള്ളാഹു മാത്രമാണ് എന്നാണ്. വല്ലതും അവൻ അറിയിച്ചുകൊടുത്താൽ അത് സൃഷ്ടികൾക്കും അറിയും. മാത്രമല്ല, പൈശാചികമായി ലഭിക്കുന്ന അനുമാനങ്ങളിൽ പലതും നുണയായിരിക്കും.

പലതും ആളുകൾക്കിടയിൽ വിദ്വേഷം ജനിപ്പിക്കാൻ വേണ്ടി കല്പിച്ചുണ്ടാക്കിയതായിരിക്കുകയും ചെയ്യും. ചിലതൊക്കെ ശരിയുമാകും. (അമാനി മൗലവി, ഇസ്‌ലാമിക ജീവിതം, പേജ് 428-430)

**ചോദ്യം:** മന്ത്രവാദികളുടെ അടുക്കൽ പോയി മന്ത്രിച്ചുകെട്ടിയ നൂലോ മറ്റോ ഉപയോഗിക്കുന്നതിന്റെ ഗൗരവം വിശദീകരിക്കാമോ?

**അമാനി മൗലവി (റഹി):**

عن زَيْنَبَ امْرَأَةَ عَبْدَ اللّه بْنِ مَسْعُود، أَنَّ عَبْدَ اللّه رَأَى فِى عُنُقِي خَيْطًا فَقَالَ: مَا هَذَا فَقُلْتُ: خَيْطٌ رُقَى لِي فِيه قَالَتْ: فَأَخَذَهُ فَقَطَعَهُ ثُمَّ قَالَ: أَنْتُمْ آلُ عَبْدَ الله لأَغْنِيَاءُ عَنِ الشِّرْك سَمِعْتُ رَسُولَ اللّه صلى اللّه عليه وسلم يَقُولُ: "إِنَّ الرُّقَى وَّالتَّمَائِمَ وَالتِّوَلَةَ شِرْكٌ" فَقُلْتُ: لِمَ تَقُولُ هَكَذَا؟ لَقَدْ كَانَتْ عَيْنِي تَقْذِفُ وَكُنْتُ أَخْتَلِفُ إِلَى فُلاَنَ الْيَهُودِيِّ فَإِذَا رَقَاهَا سَكَنَتْ، فَقَالَ عَبْدُ اللّه: إِنَّمَا ذَلِكَ عَمَلُ الشَّيْطَانُ كَانَ يَنْخَسُهَا بِيَدِه، فَإِذَا رَقَى كَفَّ عَنْهَا، إِنَّمَا كَانَ يَكْفِيك أَنْ تَقُولِي كَمَا كَانَ رَسُولُ اللّه صلى اللّه عليه وسلم يَقُولُ: "أَذْهِبِ الْبَاسَ رَبَّ النَّاسِ، وَاشْفِ أَنْتَ الشَّافِي، لاَشِفَاءَ إِلاَّ شِفَاؤُكَ، شِفَاءً لاَيُغَادِرُ سَقَماً".(ابو داود)

അബ്ദുല്ലാഹിബ്നു മസ്ഊദിന്റെ ഭാര്യ സൈനബ്(റ), അബ്ദുല്ല (സൈനബിന്റെ ഭർത്താവ്) എന്റെ കഴുത്തിൽ ഒരു നൂൽ കണ്ടു. “ഇതെന്താണ്?” അദ്ദേഹം ചോദിച്ചു. അതെനിക്ക് മന്ത്രിച്ചുകിട്ടിയ ഒരു നൂലാണെന്നു പറഞ്ഞു. അദ്ദേഹം അത് വാങ്ങി പൊട്ടിച്ചുകളഞ്ഞു. തുടർന്ന് ഇപ്രകാരം പറയുകയും ചെയ്തു. “അബ്ദുല്ലയുടെ വീട്ടുകർക്ക് ശിർക്ക് ആവശ്യമില്ല. മന്ത്രവും ഉറുക്കും മാരണവുമൊക്കെ ശിർക്കാണെന്ന് റസൂൽ തിരുമേനി(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.” ഞാൻ പറഞ്ഞു, “താകൾ എന്താണിങ്ങനെ പറയുന്നത്? എന്റെ കണ്ണുവേദനിച്ച് നീരൊഴുകിക്കൊണ്ടിരുന്നു, ഞാനാ യഹൂദിയുടെയടുക്കൽ ചെന്ന് അദ്ദേഹം അതിലൊന്നു മന്ത്രിച്ചാൽ അതങ്ങു സുഖപ്പെടുകയും ചെയ്യും.” അപ്പോൾ അബ്ദുല്ല പറഞ്ഞു, “അത് പിശാചിന്റെ പണിയാണ്. അവൻ അവന്റെ കൈകൊണ്ട് കണ്ണിലൊന്ന് കുത്തും, എന്നിട്ട് മന്ത്രിച്ചാൽ അതങ്ങ് മാറ്റിത്തരികയും ചെയ്യും. നിനക്ക് റസൂൽ പറയാറുണ്ടായിരുന്നപോലെ ഇപ്രകാരം പറഞ്ഞാൽ മതിയായിരുന്നു. “മനുഷ്യരുടെ നാഥാ നീ കഷ്ടതയകറ്റി നിർത്തേണമേ രോഗം സുഖപ്പെടുത്തിത്തരേണമേ നീയാണ് സുഖപ്പെടുത്തുന്നവൻ, നീ സുഖപ്പെടുത്താതെ ശമനമില്ല യാതൊരസുഖവും ബാക്കിനിറുത്താത്ത സുഖപ്പെടുത്തലാണ് എനിക്കുവേണ്ടത്’”[3] (അബൂദാവൂദ്)
(അമാനി മൗലവി, ഇസ്‌ലാമിക ജീവിതം, പേജ് 455-456)

**ചോദ്യം:** അങ്ങനെയെങ്കിൽ എല്ലാ അസുഖങ്ങൾക്കും പ്രാർത്ഥന മാത്രം മതിയാകുമോ?

**അമാനി മൗലവി (റഹി):**

رسول اللّه صلى اللّه عليه وسلم: إِنَّ اللّهَ أَنْزَلَ الدَّاءَ وَالدَّوَاءَ وَجَعَلَ لِكُلِّ دَاءٍ دَوَاءًا فَتَدَاوَوْا وَلاَ تَدَاوَوْا بِحَرَامٍ (ابو داود)

നബി(സ), അള്ളാഹു രോഗവും ചികിത്സയും നിശ്ചയിച്ചിരിക്കുന്നു. എല്ലാരോഗത്തിനും അവൻ ഔഷധം സൃഷ്ടിച്ചിട്ടുണ്ട്. അതിനാൽ നിങ്ങൾ ചികിത്സ ചെയ്യിക്കണം. നിഷിദ്ധമായത്

[3] ഈ ഹദീഥ് ഹസൻ ആണെന്ന് ശൈഖ് അൽബാനി അഭിപ്രായപ്പെട്ടു. (*തഖ്‌രീജ് മിശ്കാത്ത്*: ന. 4552) അവസാന ഭാഗത്തുള്ള പ്രാർത്ഥന മുസ്‌ലിം (7/15), അഹ്മദ് (6/127) എന്നിവർ ഉദ്ധരിച്ചിട്ടുണ്ട്.

കൊണ്ടൊന്നും ചികിത്സ ചെയ്യിക്കരുത്[4] (അബൂദാവൂദ്) (അമാനി മൗലവി, ഇസ്‌ലാമിക ജീവിതം, പേജ് 449)

**ചോദ്യം:** നബി(സ)യുടെ ജീവിതത്തിൽ നിന്നും വല്ല മാതൃകയും മന്ത്രിച്ചുകൊണ്ടുള്ള ചികിത്സയിൽ ഉണ്ടോ?

**അമാനി മൗലവി (റഹി):**

عائشة رضي الله عنها: كَانَ النَّبِيُّ صلى الله عليه وسلم إِذَا اشْتَكَى نَفَثَ عَلَى نَفْسه بِالْمُعَوِّذَات، وَمَسَحَ عَنْهُ بِيَده، فَلَمَّا اشْتَكَى وَجَعْهُ الَّذِي تُوَفِّى فِيهِ، كُنْتُ أَنْفُث عَلَيْهِ بِالْمُعَوِّذَاتِ الَّتِي كَانَ يَنْفُثُ، وَأَمْسَحُ بِيَدِ النَّبِيِّ صلى الله عليه وسلم.(متفق عليه وفى رواية لمسلم قالت إذا مرض أحد من أهل بيته نفث عليه بالمعوذات )

ആയിശ(റ), നബി(സ)ക്ക് അസുഖമുണ്ടായാൽ അവിടുന്ന് "മുഅവ്വദത്തു"കൾ ചൊല്ലി ദേഹത്തിൽ ഊതുകയും കൈകൊണ്ട് തടവുകയും ചെയ്യാറുണ്ടായിരുന്നു. നബി(സ)യുടെ മരണത്തിൽ കലാശിച്ച ആ വേദനമൂലം അവിടുന്ന് വിഷമിച്ചപ്പോൾ അവിടുന്ന് ചൊല്ലി ഊതാറുണ്ടായിരുന്ന "മുഅവ്വദത്ത"കൾ ഞാൻ ചൊല്ലി ഊതുകയും അവിടുത്തെ കൈകൊണ്ടുതന്നെ സ്വന്തം ശരീരത്തിൽ തടവിക്കൊടുക്കുകയും ചെയ്തിരുന്നു. - ബുഖാരി, മുസ്‌ലിം. മുസ്‌ലിമിന്റെ ഒരു നിവേദനത്തിൽ തിരുമേനി(സ) അവിടുത്തെ കുടുംബത്തിൽ ആർക്കെങ്കിലും സുഖക്കേട് ബാധിച്ചാൽ 'മുഅവ്വദത്തുകൾ' ഓതി അയാളെ ഊതിയിരുന്നുവെന്നുകൂടിയുണ്ട്.

'മുഅവ്വദത്ത്' എന്നാൽ കഷ്ടതകളിൽനിന്നും അല്ലാഹുവിൽ അഭയം പ്രാപിക്കുകയും രക്ഷതേടുകയും ചെയ്യുന്ന വാക്യങ്ങൾ എന്നാണർത്ഥം. 'അഊദു', 'നഊദു' പോലെയുള്ള വാക്കുകൾ കൊണ്ടായിരിക്കും ആ തേട്ടം. 'തഅവ്വുദ്' എന്നും 'ഇസ്തിആദത്ത്' എന്നും ഇതിനു പറയുന്നു. ഖുർആനിലെ അവസാനത്തെ രണ്ടു സൂറഃകളായ 'അൽഫലഖ്', 'അന്നാസ്' എന്നിവയ്ക്ക് 'മുഅവ്വദതൈനി' എന്നു പറയാറുണ്ട്. ഇവയുടെ തൊട്ടുമുമ്പുള്ള സൂറഃ 'അൽഇഖ്‌ലാസ്' കൂടി ചേർത്ത് 'മുഅവ്വദാത്ത്' (മുഅവ്വദത്തുകൾ) എന്നും പറയാറുണ്ട്. ഈ ഹദീസിൽ പറഞ്ഞ 'മുഅവ്വദാത്ത്' ഈ മൂന്നു സൂറഃകളും തന്നെയാണ്. വായകൊണ്ട് ഓതിയത്, അല്ലെങ്കിൽ ചൊല്ലിയത് ആളിലേയ്ക്കു ബാധിപ്പിക്കുകയാണ് ഊത്ത് കൊണ്ടുദ്ദേശിക്കുന്നത്. ചിലർ ഏതു മന്ത്രത്തെയും ആക്ഷേപിക്കുന്നത് കേൾക്കാം. അത് ശരിയല്ല. ഹദീസുകൾ തള്ളിക്കൊണ്ടേ അവർക്കതിനു കഴിയൂ. ചില 'ദിക്റു'കളും 'ദുആ'കളും കൊണ്ട് നബി(സ) മന്ത്രം ചെയ്തതായി വേറെയും ഹദീസുകളിൽ കാണാം. എന്നാൽ ഇന്നത്തെ മന്ത്രവാദികളുടേതുപോലൊരു മന്ത്രപ്പണിയായിരുന്നില്ല അതെന്ന് പ്രത്യേകം മനസിലാക്കേണ്ടതുണ്ട്. (അമാനി മൗലവി, ഇസ്‌ലാമിക ജീവിതം, പേജ് 450-451)

**ചോദ്യം:** മന്ത്രം ഉരിയാടുന്നതിൽ എന്തെങ്കിലും നിബന്ധനകൾ ഉണ്ടോ?

**അമാനി മൗലവി (റഹി):**

عَوْفُ بْنُ مَالك قال:كُنَّا نَرْقِي فِي الْجَاهِلِيَّة، فَقُلْنَا: يَارَسَولَ اللّهِ، كَيْفَ تَرَى فِي ذَلِكَ؟ فَقَالَ: "اعْرِضُوا عَلَيَّ رُقَاكُمْ، لاَبَأْسَ بِالرُّقَى مَا لَمْ تَكُنْ فِيهِ شِرْكٌ".(مسلم)

[4] ഇതേ ആശയം വരുന്ന ഹദീഥ് ഉമ്മു ദർദാഇൽ നിന്നും ത്വബ്റാനി ഉദ്ധരിച്ചു. അതിന്റെ പരമ്പര സ്വഹീഹാണെന്ന് ശൈഖ് അൽബാനി സ്ഥിരീകരിച്ചു. (*അസ്സ്വഹീഹ*: ന. 1663, *സ്വഹീഹുൽ ജാമിഅ്*: ന. 1762)

ഔഫുബ്നു മാലിക്(റ), ഞങ്ങൾ ജാഹിലിയ്യാ കാലത്ത് മന്ത്രം നടത്താറുണ്ടായിരുന്നു. റസൂൽ തിരുമേനി(സ)യോട് അതിനെപ്പറ്റി അഭിപ്രായം ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു, "നിങ്ങളുടെ മന്ത്രം എനിക്ക് കാട്ടിത്തരിക. ശിർക്കില്ലാത്ത മന്ത്രത്തിന് ഒരു തകരാറുമില്ല." (മുസ്ലിം) (അമാനി മൗലവി, ഇസ്ലാമിക ജീവിതം, പേജ് 453-454)

**ചോദ്യം: മന്ത്രിക്കുന്ന വിഷയത്തിൽ എന്തെങ്കിലും ഉപാധികൾ പഠിപ്പിക്കപ്പെട്ടിട്ടുണ്ടോ?**

**അമാനി മൗലവി (റഹി):**

മൂന്നുപാധികളാണ് മന്ത്രം അനുവദനീയമാകാൻ പണ്ഡിതൻമാർ ഐക്യകണ്ഠേന നിശ്ചയിച്ചിട്ടുള്ളത്. (1) അല്ലാഹുവിൻെറ വചനമോ, ഗുണമോ, നാമമോ, വിശേഷണങ്ങളോ ഉപയോഗിച്ചു കൊണ്ടായിരിക്കുക. (2) അറബിയോ അർത്ഥം അറിയുന്നതോ ആവുക. (3) മന്ത്രം സ്വയം ഫലിക്കുകയില്ല, അല്ലാഹു ഫലിപ്പിച്ചാൽ മാത്രമേ ഫലിക്കൂ എന്നു വിശ്വസിക്കുക. (ഫത്ഹുൽബാരി) (അമാനി മൗലവി, ഇസ്ലാമിക ജീവിതം, പേജ് 450)

**ചോദ്യം: ശാരീരികമായ ശമനത്തിന് മന്ത്രം ഉപയോഗിച്ചതിന് വല്ല തെളിവും ഹദീസിൽ വന്നിട്ടുണ്ടോ?**

**അമാനി മൗലവി (റഹി):**

علي: بَيْنَا رَسُولُ الله صلى الله عليه وسلم ذَاتَ لَيْلَة يُصَلِّي فَوَضَعَ يَدَهُ عَلَى لأَرْض فَلَدَغَتْهُ عَقْرَبٌ فَنَاوَلَهَا رَسُولُ الله صلى الله عليه وسلم بِنَعْله فَقَتَلَهَا فَلَمَّا انْصَرَفَ قَالَ: لَعَنَ اللهُ الْعَقْرَبَ. مَا تَدَعُ مُصَلِّياً وَلاَ غَيْرَهُ أَوْ نَبِياًّ وَ غَيْرَهُ ثُمَّ دَعَا بِمِلْحٍ وَمَاءٍ فَجَعَلَهُ فِى إِنَاءٍ ثُمَّ جَعَلَ يَصُبُّهُ عَلَى إِصْبَعِهِ حَيْثُ لَدَغَتْهُ وَيَمْسَحُهَا وَيَعُوذُهَا بِالْمُعَوِّذَتَيْنِ (البيهقي)

അലി(റ), ഒരു രാത്രി നമസ്കാരത്തിന്നിടയിൽ കൈ നിലത്തുവെച്ചപ്പോൾ റസൂൽ തിരുമേനി(സ)യെ ഒരു തേൾ കുത്തി. അവിടുന്ന് ചെരിപ്പെടുത്ത് അതിനെ കൊന്നു. നമസ്കാരം കഴിഞ്ഞ് പോകുമ്പോൾ തിരുമേനി(സ) പറഞ്ഞു, "ഈ തേൾ ഒരു ശപിക്കപ്പെട്ട ജീവി തന്നെ. നമസ്കരിക്കുന്നവനെയോ അല്ലാത്തവനെയോ, നബിയെയോ, നബിയല്ലാത്തവനെയോ ഒന്നും അത് വിടുന്നില്ല!" പിന്നീട് കുറച്ച് ഉപ്പും വെള്ളവും വരുത്തി അതൊരു പാത്രത്തിലാക്കി കൈവിരൽ കുത്ത്കൊണ്ടേടത്ത് തടവിക്കൊണ്ടും 'മുഅവ്വദതൈനി' ഓതി മന്ത്രിച്ചുകൊണ്ടും അതൊഴിച്ചുകൊണ്ടിരുന്നു അവിടുന്ന്.[5] (ബൈഹഖി) (അമാനി മൗലവി, ഇസ്ലാമിക ജീവിതം, പേജ് 452)

**ചോദ്യം: മേൽസൂചിപ്പിച്ച ഹദീസ് പ്രവാചകൻെറ മുഅ്ജിസത്ത് ആയിക്കൂടെ? റസൂലിൽ നിന്നും ദീൻ പഠിച്ച സ്വഹാബികൾ ഇപ്രകാരം എന്തെങ്കിലും പ്രവർത്തിച്ചതായി വല്ല തെളിവും?**

---

[5] അലിയ്യിൽ നിന്നും ബൈഹക്വി '*ശുഅബുൽ ഈമാനി*'ൽ ഉദ്ധരിച്ചതാണിത്. ഇതിൻെറ പരമ്പര സ്വഹീഹാണെന്ന് ശൈഖ് അൽബാനി സ്ഥിരീകരിച്ചു. (*അസ്സ്വഹീഹ*: ന. 548, *സ്വഹീഹുൽ ജാമിഅ്*: ന. 5098) ഇതേ ആശയം വരുന്ന മറ്റൊരു ഹദീഥ് ത്വബ്റാനി തൻെറ '*അൽമുഅ്ജമുസ്സഗീറി*'(പേ. 117)ലും, അബൂ നുഐം തൻെറ 'അഖ്ബാർ അസ്ബഹാനി' (2/223)ലും ഉദ്ധരിച്ചു. എന്നാൽ, ആ ഹദീഥിൽ *മുഅവ്വദതൈനി*യോടൊപ്പം, സൂറത്തുൽ കാഫിറൂനും പ്രതിപാദിക്കുന്നുണ്ട്.

**അമാനി മൗലവി (റഹി):**

وَفِى الْحَدِيث الْمُتَفَقُّ مِنْ حَدِيث اَبِي سَعِيد الْخُدْرِي أَنَّ نَفَرًا مِنَ الصَّحَابَةَ نَزلوُ بِقَوْمٍ فَلَمْ يُضَيِّفُوهُمْ فَلُدِغ سَيِّدَهُمْ فَأَتَوْهُمْ يَطْلُبُونَ الرُّقِيةَ فَصَالَحُوهُمْ عَلَى جُعْلٍ فَانطَلَقَ بَعْضُهُمْ يَتْفُلُ عَلَيْهِ وَيَقْرَأُ الْفَاتِحَةَ فكَأَنَّمَا نَشبط مِنْ عُقَّالٍ ثُمَّ قَدِمُوا عَلَى رَسُولِ اللهِ صلى الله عليه وسلم وَأَخْبَرُوهُ وَقَالَ أَصَبْتُمْ اقْسِمُو وَاضْرِبُوا لِى سَهْمًا (انظر الحديث بطوله فى المتفق عليه)

അബൂസഈദിൽ ഖുദ്രി ഉദ്ധരിച്ച ഒരു നീണ്ട ഹദീസിൻെറ ചുരുക്കമാണിത്. ചില സഹാബികൾ ഒരു യാത്രയിൽ ഒരു കൂട്ടരുടെ അടുക്കൽ ചെന്നിറങ്ങി. അവർ ഇവരെ സല്ക്കരിച്ചില്ല. അങ്ങനെയിരിക്കുമ്പോൾ അവരുടെ തലവന് വിഷബാധയേറ്റു. ആവരിൽ ചിലർ നിങ്ങളുടെ കൂട്ടത്തിൽ മന്ത്രമറിയുന്ന ആരെങ്കിലുമുണ്ടോ എന്നന്വേഷിച്ച് സഹാബികളെ സമീപിച്ചു. അങ്ങനെ പ്രതിഫലം തരണമെന്ന വ്യവസ്ഥയിൽ കൂട്ടത്തിലൊരാൾ പോയി ഫാത്തിഹ മന്ത്രിക്കുകയും മുറികളിൽ ഉമിനീർ പുരട്ടുകയും ചെയ്തു. തൽക്ഷണം അയാൾക്കു സുഖമായി. പിന്നീടവർ റസൂൽ തിരുമേനി(സ)യുടെ അടുക്കൽ വന്ന വിവരം പറഞ്ഞു, അപ്പോൾ അവിടുന്ന് പറഞ്ഞു, "നിങ്ങൾ ചെയ്തത് ശരിയായി. ഭാഗിച്ചെടുത്തുകൊള്ളുക, എനിക്കും തരിക ഒരു വിഹിതം". (ഈ വലിയ ഹദീസ് ബുഖാരിയിലും മുസ്ലിമിലുമുള്ളതാണ്)

ഈ ഹദീസുദ്ധരിച്ച ശേഷം ശൈഖ് ഇബ്നുൽ ഖയ്യിം(റ) 'സാദുൽ മആദി'ൽ പറയുന്നു, "ചില വാക്കുകൾക്കുതന്നെ പ്രത്യേകതകളും ഫലങ്ങളുമുണ്ട്. എങ്കിൽ പിന്നെ എല്ലാ വാക്കുകളേക്കാളുമേറെ - സൃഷ്ടികളേക്കാൾ അല്ലാഹുവിനുള്ള ശ്രേഷ്ഠത പോലെ - ലോകരക്ഷിതാവ് ശ്രേഷ്ഠത നല്കിയ അവൻെറ വാക്കുകളുടെ കാര്യമോ?". താഴെ കൊടുക്കുന്ന ഹദീസും ഈ അഭിപ്രായത്തോടൊപ്പം അദ്ദേഹം ഉദ്ധരിച്ചിരിക്കുന്നു.

علي: قَالَ رَسُولُ اللهِ صلى الله عليه وسلم خَيْرُ الدَّوَاءِ الْقُرْآنُ (ابن ماجه)

അലി(റ), നബി(സ) പറഞ്ഞിരിക്കുന്നു, ഏറ്റവും നല്ല ശമനൗഷധം ഖുർആനാകുന്നു. [6] (ഇബ്നുമാജ)

جابر: نَهَى رَسُولُ اللهِ صلى الله عليه وسلم الرُّقَى آلُ عَمْرُو بْنُ حَزْمٍ فَقَالُوا يَا رَسُولُ اللهِ إِنَّهُ كَانَتْ عِندَنَا رُقِيَةٌ نَرْقِى بِهَا مِنَ العَقْرَبِ وَأَنتَ نَهَيْتَ عَنِ الرُّقَى فَعَرَضُوهَا عَلَيْهِ فَقَالَ مَا أَرَى بِهَا بَأْسًا مَنِ اسْتَطَاعَ مِنكُمْ أَنْ يَنفَعَ أَخَاهُ فَلْيَنْفَعْهُ (مسلم)

ജാബിർ(റ), നബി(സ) മന്ത്രം പാടില്ലെന്നു പറഞ്ഞപ്പോൾ അംറുബ്നു ഹസ്മിൻെറ കൂട്ടർ വന്ന് പറഞ്ഞു, "അല്ലാഹുവിൻെറ ദൂതരേ, തേൾ കുത്തിയാൽ പ്രയോഗിക്കുന്ന ഒരു മന്ത്രമുണ്ടായിരുന്നു ഞങ്ങളുടെ വശം. അങ്ങ് മന്ത്രം നിരോധിച്ചിരിക്കയാണല്ലോ." തുടർന്ന് അവരത് നബി(സ)ക്ക് കാട്ടിക്കൊടുത്തു. അപ്പോൾ അവിടുന്ന് പറഞ്ഞു, "ഇതിൽ ഒരു തകരാറും ഞാൻ കാണുന്നില്ല. നിങ്ങൾക്കാർക്കെങ്കിലും തൻെറ സഹോദരന് ഉപകാരം ചെയ്യാൻ കഴിയുമെങ്കിൽ ചെയ്തുകൊൾക." (മുസ്ലിം) (അമാനി മൗലവി, ഇസ്ലാമിക ജീവിതം, പേജ് 452-453)

---

[6] ഇബ്നു മാജ (ന. 3533), അബൂനുഐം(1/265) എന്നിവർ ഉദ്ധരിച്ചത്. ഈ ഹദീഥിൻെറ പരമ്പര അങ്ങേയറ്റം ദുർബ്ബലമാണെന്ന് ശൈഖ് അൽബാനി അഭിപ്രായപ്പെട്ടു. (*അള്ളഈഫ*: ന. 3093)

**ചോദ്യം: മന്ത്രിച്ചുകൊടുക്കൽ ഒരു സത്കർമ്മമാണെങ്കിൽ പിന്നെ എന്തുകൊണ്ട് ജനങ്ങൾ മുസ്ല്യാക്കൻമാരുടെയും തങ്ങൾ-ബീവിമാരുടെയും മറ്റും അടുക്കലേക്ക് ഇത്തരം ചികിത്സ തേടി പോകുന്നതിനെ നമ്മൾ എതിർക്കണം?**

**അമാനി മൗലവി (റഹി):**

ഇത്രയും ഹദീസുകളിൽനിന്ന് ശുദ്ധഹൃദയരും നിഷ്പക്ഷമതികളുമായ ആർക്കും മന്ത്രത്തിൻെറ യഥാർത്ഥവും ഇസ്ലാമിൽ അതിൻെറ വിധിയും മനസിലാക്കാവുന്നതാണ്. എന്നാൽ ഇന്നു മന്ത്രവാദക്കാർ കാട്ടിക്കൂട്ടുന്ന പല വിദ്യകളും ഈയടിസ്ഥാനത്തിലുള്ളതല്ല. അർത്ഥമില്ലാത്തതോ, അർത്ഥമറിയാത്തതോ ആയ എന്തോ കുറെ ജപിക്കുകയും ഊതുകയും ചെയ്യുക, എന്തൊക്കെയോ എഴുതിത്തൂക്കുക, അല്ലെങ്കിൽ ചുട്ടുകളയുക തുടങ്ങി പല കോപ്രായത്തങ്ങളും അവർ കാട്ടിക്കൂട്ടാറുണ്ട്. മാത്രമല്ല, ശരിയായ ഖുർആൻ ആയത്തുകളുടെയും ദിക്റുകളുടെയും ഇടയിൽക്കൂടി ശിർക്ക് കുത്തിച്ചേർക്കുക കൂടി ചെയ്യുന്നു അവരിൽ പലരും. ഇത് കാണുമ്പോൾ മന്ത്രം ചെയ്യാനനുവദിച്ചുകൊണ്ടുള്ള ഹദീസുകൾ തന്നെ ജനങ്ങളെ അറിയിച്ചാൽ അവർ അബദ്ധത്തിൽ ചാടുമോ എന്നു ഭയപ്പെട്ടുപോകയാണ്.

അർത്ഥമറിയാത്ത, അറബിയല്ലാത്ത മന്ത്രങ്ങളും മന്ത്രവാദങ്ങളും പാടില്ലാത്തതാണെന്ന് നമ്മുടെ 'ഫുഖഹാക്കൾ' പറയുന്നു. 'ഇസ്മിൻെറ കിത്താബ്' എന്നറിയപ്പെടുന്ന മിക്ക മന്ത്രവാദ ഗ്രന്ഥങ്ങളും ഏതു ഭാഷയാണെന്നോ ലിപിയാണെന്നോ കൂടി അറിഞ്ഞു കൂടാത്ത കുറെ വികൃത ലിപികൾ നിറച്ചും, ഖുർആൻ വാക്യങ്ങളും ദിക്റുകളും തലകീഴാക്കിയും ശിർക്ക്പരമായ പലതും കൂട്ടിക്കലർത്തിയും രചിക്കപ്പെട്ടിട്ടുള്ളവയാണ്.

റസൂൽ തിരുമേനി(സ) ഒരു ചികിത്സകനോ വൈദ്യനോ ആയി അറിയപ്പെട്ടിരുന്നില്ല. എന്നാൽ പല ചികിത്സയും അവിടുന്ന് ചെയ്തിട്ടുണ്ട്. ചെയ്തതൊന്നും ഫലിക്കാതിരിന്നിട്ടുമില്ല. അവിടുന്ന് ചിലപ്പോൾ മരുന്നുകൊണ്ട് മാത്രം ചികിത്സിക്കും. ചിലപ്പോൾ ദിക്റ്, ദുആ, ഖുർആൻ എന്നിവകൊണ്ട് ചികിത്സ നടത്തും. മരുന്നും മന്ത്രവും ഒരുമിച്ച് ചെയ്തിട്ടുള്ളതായും കാണാം. ദിക്റ്, ദുആ, ഖുർആൻ എന്നിവ മുഖേനയുള്ള ചികിത്സകൊണ്ട് കാര്യമുണ്ടാകണമെങ്കിൽ, ചികിത്സകന്ന് താനുപയോഗിക്കുന്ന ദിക്റ്, ദുആ, ഖുർആൻ സൂക്തം എന്നിവയുടെ അർത്ഥവും, രോഗവും അവയും തമ്മിലുള്ള പൊരുത്തവും അറിഞ്ഞിരിക്കണം. മാത്രമല്ല, അയാൾ ശുദ്ധനും ഭക്തനും ആയിരിക്കുക കൂടി വേണം. എന്തുകൊണ്ടെന്നാൽ പ്രാർത്ഥനയും ഭക്തിയുമാണ് ആ ചികിത്സയുടെ അടിസ്ഥാനം തന്നെ. ഹദീസുകളിൽ കാണുന്നതോ അതിനോട് തികച്ചും സാമ്യം പുലർത്തുന്നതോ ആയ മന്ത്രങ്ങളും പ്രാർത്ഥനകളുമുപയോഗിക്കുകയാണ് വേണ്ടത്. അല്ലാത്തപക്ഷം അബദ്ധത്തിൽ വീഴാൻ സാധ്യതയുണ്ട്. നബി(സ) ചികിത്സക്കുപയോഗിച്ച മരുന്നുകളും ഉരുവിട്ട വാക്യങ്ങളുമാണ് ഏറ്റവും ആദ്യം പഠിക്കേണ്ടത്. എങ്കിൽ പിന്നെ 'സിഹ്റി'ൻെറ ഗ്രന്ഥക്കെട്ടുകൾ പേറി നടക്കേണ്ടിവരില്ല.

മന്ത്രത്തോടും അതുപോലുള്ള ചികിത്സയോടും മിക്കവാറും രണ്ടുതരത്തിലുള്ള സമീപനമാണ് ആളുകൾക്കുള്ളത്. ഒന്ന് തീരെ അവിശ്വസിക്കുക. ഖുർആൻ കൊണ്ടുള്ള മന്ത്രമോ മാമൂൽ മന്ത്രമോ ഏതായാലും ഈ സമീപനക്കാർക്ക് അതിൽ വിശ്വാസമുണ്ടാവില്ല. മാത്രമല്ല, അവർക്കതിനോടൊക്കെ പുച്ഛവുമായിരിക്കും. ഏത് മാന്ത്രവാദിയുടെയും പിന്നാലെ പോകുന്നവരാണ് രണ്ടാംതരക്കാർ. ഒന്നാം വിഭാഗക്കാർ പരിഷ്കാരത്തിൻെറ പേരിലാണ് അവരുടെ സമീപനം സ്വീകരിക്കുന്നതെങ്കിൽ, രണ്ടാം തരക്കാർ അജ്ഞതയും അന്ധവിശ്വാസവും കാരണം വഞ്ചിക്കപ്പെടുകയാണ് ചെയ്യുന്നത്. സത്യവിശ്വാസിയായ ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം കരണീയമായിട്ടുള്ളത്, രോഗം വന്നാൽ മരുന്നുപയോഗിച്ച് ചികിത്സിക്കുകയും, അതോടൊപ്പം

ഹദീസുകളിൽ വന്ന ദിക്റുകളും ദുആകളും മുഖേന ആത്മീയമായ ശാന്തി നേടുകയാണ്. (അമാനി മൗലവി, ഇസ്‌ലാമിക ജീവിതം, പേജ് 454-455)

“സിഹ്റുകാരെക്കൊണ്ടും മന്ത്രവാദക്കാരെക്കൊണ്ടുമുണ്ടാകുന്ന ദോഷങ്ങളും, അവർ നടത്തുന്ന പൈശാചിക പ്രവർത്തനങ്ങളും അധികം വിസ്തരിച്ചു പറയേണ്ടതില്ല. രോഗം മാറ്റുവാൻ, ഭാഗ്യം സിദ്ധിക്കുവാൻ, അന്യനു ആപത്തുനേരിടുവാൻ, തമ്മിൽ പിണക്കമുണ്ടാക്കുവാൻ – അങ്ങിനെ പലതിൻെറ പേരിലും - ഹോമം, ജപം, മുട്ടറുക്കൽ, ഉറുക്ക്, മന്ത്രം, ജ്യോത്സ്യം എന്നിങ്ങിനെ പലതും നടത്തി അവർ ജനങ്ങളെ ചൂഷണം ചെയ്യുന്നു. ‘അസ്മാഇൻെറ പണിക്കാർ’, ‘ത്വൽസമാത്തുകാർ’ എന്നിങ്ങിനെയുള്ള അറബിപ്പേരുകളിൽ അറിയപ്പെടുന്നവരും ഇതിൽ ഉൾപ്പെടുന്നവർതന്നെ. ഇവർ തങ്ങളുടെ മന്ത്രതന്ത്രങ്ങളിൽ ചില ഖുർആൻ വചനങ്ങളും ദിക്റുകൾ മുതലായവയും കൂട്ടിക്കലർത്തുന്നതുകൊണ്ടു ഇതിൽനിന്നു ഒഴിവാകുന്നതല്ല. വേണമെങ്കിൽ, ഈ സൂറത്തുതന്നെയും ഓതിക്കൊണ്ടു കെട്ടുകളിൽ മന്ത്രിക്കുന്ന അവരുടെ കെടുതലിൽനിന്നുതന്നെ - അവരറിയാതെ – അവർ അല്ലാഹുവിൽ ശരണം തേടിയെന്നുവന്നേക്കും. അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിക്കുന്ന അതേ രൂപത്തിൽതന്നെ അവർക്കുപോലും അജ്ഞാതമായ ഏതോ ചില പേരുകൾ വിളിച്ചു പ്രാർത്ഥിക്കലും, അർത്ഥം ഗ്രാഹ്യമല്ലാത്ത വാക്കുകൾ ഉരുവിടലും അവരുടെ പതിവാണ്. പിശാചിനെ സേവിക്കുകയും പൂജിക്കുകയും ചെയ്യുന്ന ചില മുസ്‌ലിം നാമധാരികളായ അവിശ്വാസികൾ തങ്ങളുടെ പൂജാകർമങ്ങളിൽ ചിലപ്പോൾ സൂറത്തുയാസീൻ പോലെയുള്ള ഖുർആൻെറ ഭാഗങ്ങളും തൗഹീദിൻെറ കലിമയും മറ്റും ഉരുവിട്ടെന്നും വരും. പാമരൻമാരെ വഞ്ചിക്കുവാൻവേണ്ടി പിശാചു ആസൂത്രണം ചെയ്യുന്ന അതിസമർത്ഥമായ പകിട്ടുവിദ്യകളത്രെ ഇതെല്ലാം. (അമാനി മൗലവിയുടെ തഫ്സീർ, സൂറഃ ഫലഖ് വ്യാഖ്യാനം, പേജ് 3637)

**ചോദ്യം:** മന്ത്രിച്ചുകൊടുക്കുന്നത് പഠിക്കാൻ നബി(സ) സ്വഹാബത്തിനെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടോ?

**അമാനി മൗലവി (റഹി):**

الشَّفَاء بِنتُ عَبْد الله رضي الله عنها قالت: دَخَلَ رَسُولُ الله صلى الله عليه وسلم وَ أَنَا عِندَ حَفْصَةَ فَقَالَ أَلاَ تُعَلِّمِينَ هَذه الرُّقيَةَ النَّملَة كَمَا عَلَّمْتِهَا الْكِتَابَة (ابو داود)

അബ്ദുല്ല മകൾ ശിഫ(റ), ഞാൻ ഹഫ്സ(റ)യുടെ അടുക്കലായിരുന്നപ്പോൾ നബി(സ) അവിടെ കടന്നുവന്നു. അവിടുന്ന് അന്നേരം പറഞ്ഞു, ഇവൾക്ക് എഴുത്ത് പഠിപ്പിച്ചുകൊടുത്തപോലെ ‘നംല’ക്കുള്ള മന്ത്രവും നിനക്കു പഠിപ്പിച്ചുകൊടുത്തുകൂടെ?[7] (അബൂദാവൂദ്) (അമാനി മൗലവി, ഇസ്‌ലാമിക ജീവിതം, പേജ് 458)

**ചോദ്യം:** ഖുർആനോ ദിക്റോ ഏലസ്സാക്കി കെട്ടുന്നത് ഹറാമാണോ?

**അമാനി മൗലവി (റഹി):**

---

[7] ഇതിൻെറ പരമ്പര സ്വഹീഹാണെന്ന് ശൈഖ് അൽബാനി സ്ഥിരീകരിച്ചു. (*അസ്സ്വഹീഹ*: ന. 178, *സ്വഹീഹുൽ ജാമിഅ്*: ന. 1236)

عائشة رضي الله عنها: كان رَسُولُ اللهِ صلى الله عليه وسلم إِذَا اشْتَكَى مِنَّا إِنسَانٌ مَسَحَهُ بِيَمِينِه ثُمَّ قَالَ أَذْهَبِ الْبَأْسَ ... (متفق عليه)

ആയിശ(റ), ഞങ്ങളില്‍ ഏതെങ്കിലുമൊരാള്‍ക്ക് അസുഖം ബാധിച്ചാല്‍ റസൂല്‍ തിരുമേനി(സ) അയാളെ കൈകൊണ്ട് തടവി "അദ്ഹിബില്‍ ബഅ്സ......" എന്ന പ്രാര്‍ത്ഥന ചൊല്ലാറുണ്ടായിരുന്നു. (ബുഖാരി, മുസ്‌ലിം)

عِيسَى بْنُ حَمْزَةَ رضي الله عنه: دَخَلَتْ عَلَى عَبْدِ اللهِ بْنُ حُكَيْمٍ وَبِهِ حُمْرَةُ فَقُلْتُ اَلاَ تُعَلِّقُ تَمِيمَةً فَقَالَ نَعُوذُ بِاللهِ مِنْ ذَلِكَ قَالَ رَسُولُ اللهِ صلى الله عليه وسلم مَنْ عَلَّقَ شَيْئًا وُكِّلَ بِهِ (ابو داود)

ഈസബ്നു ഹംസ(റ), ഞാന്‍ അബ്ദുല്ലാഹിബ്നു ഹുകൈമിന്‍റെടുക്കല്‍ ചെന്നപ്പോള്‍ അദ്ദേഹത്തിന്‍റെ ശരീരം ചുവന്നു കണ്ടു. ഞാന്‍ ചോദിച്ചു, "താങ്കള്‍ക്ക് വല്ല ഏലസും കെട്ടിക്കൂടെ?" അദ്ദേഹം പറഞ്ഞു, അല്ലാഹു കാക്കട്ടെ "വല്ലവനും വല്ലതും കെട്ടിയാല്‍ അവന്‍റെ ചുമതല പിന്നെ ആ കെട്ടിയ വസ്തുവിന്നായിരിക്കും" എന്നു റസൂല്‍ തിരുമേനി(സ) പറഞ്ഞിട്ടുണ്ട്.[8] (അബൂദാവൂദ്). അവനെ പിന്നെ ആ കെട്ടിയ വസ്തുവെന്തോ അത് രക്ഷിക്കേണ്ടി വരും. അല്ലാഹു അവന്‍റെ സംരക്ഷണത്തില്‍ നിന്നൊഴിയും എന്നര്‍ത്ഥം. മേല്‍പറഞ്ഞ രണ്ട് ഹദീസുകളില്‍ നിന്നുമായി, മന്ത്രക്കാരുടെ ചരടും ഉറുക്കും മറ്റും സംബന്ധിച്ച് മനസിലാക്കാമല്ലോ. എന്നാല്‍ ഖുര്‍ആനോ ദിക്റോ ഏലസാക്കി കെട്ടിക്കൂടെ എന്നു ചോദിച്ചാല്‍, അങ്ങിനെ പാടില്ലെന്ന് വ്യക്തമായി ഹദീസുകളില്‍ കാണുന്നില്ലെങ്കിലും, മൊത്തത്തിലുള്ള വിലക്കില്‍നിന്ന് അതൊഴിവാണെന്നു കാണിക്കുന്ന രേഖയും ഇല്ലെന്നാണുത്തരം. പക്ഷെ, അത് ഹറാമാണെന്ന് തീര്‍ത്തു പറയാന്‍ നിവൃത്തിയില്ല. അതേസമയം ഇബ്നുമസ്ഊദും(റ) അദ്ദേഹത്തിന്‍റെ ഒരു പ്രധാന ശിഷ്യനും താബിഉമായ ഇബ്നുഹുകൈമും(റ) നൂലും ഏലസും പാടുല്ലെന്നു പറഞ്ഞപ്പോള്‍, അത് ഖുര്‍ആനോ മറ്റോ എഴുതിയതാണെങ്കില്‍ പാടുണ്ട് എന്നു പറഞ്ഞിട്ടില്ലെന്ന് നാം ഓര്‍ക്കണം. അവര്‍ രണ്ടുപേരും അത് പാടില്ലെന്ന് പറഞ്ഞ സന്ദര്‍ഭമാകട്ടെ, പാടുള്ള വല്ലതുമുണ്ടെങ്കില്‍ പറഞ്ഞുകൊടുക്കല്‍ ആവശ്യമായതായിരുന്നു താനും. ഇബ്നുമസ്ഊദ്(റ) ഭാര്യക്ക്, പകരം നബി(സ)യുടെ പ്രാര്‍ത്ഥനയാണ് പഠിപ്പിച്ചുകൊടുത്തതെന്നതും ശ്രദ്ധേയമാണ്. (അമാനി മൗലവി, ഇസ്‌ലാമിക ജീവിതം, പേജ് 456-457)

**ചോദ്യം: കണ്ണേറില്‍നിന്നുള്ള രക്ഷക്കുവേണ്ടിയും മന്ത്രമുണ്ട് എന്ന് പറഞ്ഞതായി ഓര്‍ക്കുന്നു. കണ്ണേറ് എന്നത് യാഥാര്‍ത്ഥ്യമാണോ?**

**അമാനി മൗലവി (റഹി):**

اسماء بنت عُمَيِّس رضي الله عنه: قَالَتْ يَا رَسُولَ اللهِ إِنَّ وَلَدَ جَعْفَرَ يُسْرَعُ الْعَيْنُ أَفَأَسْتَرْقِى لَهُمْ؟ قَالَ: نَعَمْ فَإِنَّهُ لَوْ كَانَ شَيْءً سَابِقُ الْقَدْرِ لَسَبَقَتْهُ الْعَيْنُ (احمد، الترمذى، ابن ماجه)

അസ്മാ ബിന്തുഉമൈസ്(റ) നബി(സ)യോടു ചോദിച്ചു, "അല്ലാഹുവിന്‍റെ ദൂതരേ, ജഅ്ഫറി(റ)ന്‍റെ മക്കള്‍ക്ക് കണ്ണേറ് പെട്ടെന്ന് ഫലിക്കുകയാണ്. ഞാന്‍ അവര്‍ക്കുവേണ്ടി മന്ത്രം ചെയ്തി

[8] അബൂദാവൂദ്, തിര്‍മിദി എന്നിവര്‍ ഉദ്ധരിച്ച ഈ ഹദീഥ് ഹസന്‍ ആണെന്ന് ശൈഖ് അല്‍ബാനി അഭിപ്രായപ്പെട്ടു. (*സ്വഹീഹുത്തര്‍ഗീബ്*: ന. 3456)

ക്കട്ടെയോ?'' നബി(സ) മറുപടി പറഞ്ഞു, ശരി, അല്ലാഹുവിന്റെ വിധിയെ അതിജയിക്കുന്ന എന്തെങ്കിലുമുണ്ടായിരുന്നെങ്കിൽ, കണ്ണേറ് അതിനെ അതിജയിക്കുമായിരുന്നു.[9] (അഹ്മദ്, തുർമുദി, ഇബ്നുമാജ)

عائشة رضي الله عنها: أَمَرَ النَّبِيِّ صلى الله عليه وسلم أَن يَسْتَرْقِي مِنَ الْعَيْنِ (متفق عليه)

ആയിശ(റ), നബി(സ) കണ്ണേറിനു മന്ത്രം ചെയ്യിക്കാൻ കല്പിച്ചിരിക്കുന്നു. (ബുഖാരി, മുസ്ലിം)

أَنس رضي الله عنه: رَخص رَسُولُ اللهِ صلى الله عليه وسلم فِى الرُّقية مِنَ الْعَيْنِ وَالْحُمَّةِ وَالنَّمْلَةِ (مسلم)

അനസ്(റ), കണ്ണേറ്, വിഷബാധ, 'നംല' എന്നിവയ്ക്കു മന്ത്രിക്കുന്നതിന്ന് റസൂൽ തിരുമേനി(സ) അനുവാദം നല്കിയിട്ടുണ്ട്. (മുസ്ലിം) 'നംല' എന്നാൽ ശരീരത്തിൽ ഒരു പ്രത്യേകതരം മുഴയോ വിക്കമോ ഉണ്ടാകുന്ന ഒരു രോഗമാണ്. (അമാനി മൗലവി, ഇസ്ലാമിക ജീവിതം, പേജ് 457-458)

**ചോദ്യം: ജിന്നുകളിൽ നിന്ന് കണ്ണേറുണ്ടാകുമോ? ഉണ്ടെങ്കിൽ അതിൽ നിന്നുള്ള രക്ഷ എന്താണ്?**

**അമാനി മൗലവി (റഹി):**

أَبُو سَعِيد الْخُدْرِى رضي الله عنه: كَانَ رَسُولُ اللهِ صلى الله عليه وسلم يَتَعَوَّذُ مِنَ الْجَانِّ وَعَيْنِ الْجَانِّ وَعَيْنِ الإِنسَانِ حَتَّى نَزَلَتِ الْمُعَوِّذَتَانِ فَلَمَّا نَزَلَتْ أَخَذَ بِهِمَا وَتَرَكَ مَا سِوَاهُمَا (الترمذى، ابن ماجه)

അബൂസഈദിൽ ഖുദ്രി(റ), റസൂൽ തിരുമേനി(സ) ജിന്നുകളിൽ നിന്നും ജിന്നുകളുടെയും മനുഷ്യരുടെയും കണ്ണേറിൽനിന്നും അഭയം തേടുന്ന ചിലവാക്യങ്ങൾ ചൊല്ലി പ്രാർത്ഥിക്കാറുണ്ടായിരുന്നു – 'മുഅവ്വദത്താനി' (സൂറത്തുൽ ഫലഖും സൂറത്തുന്നാസും) അവതരിക്കുന്നതുവരെ. അവ അവതരിച്ചപ്പോൾ അവിടുന്ന് അത് രണ്ടും എടുക്കുകയും ബാക്കിയെല്ലാം ഒഴിവാക്കുകയും ചെയ്തു.[10] (തിർമിദി, ഇബ്നു മാജ)

അസ്ഖലാനി പറയുന്നു, മുഅവ്വദത്താനി (അൽഫലഖും അന്നാസും) കൊണ്ടേ പ്രാർത്ഥന പാടുള്ളൂവെന്ന് ഇതിന്നർത്ഥമില്ല. എല്ലാ ഉപദ്രവങ്ങളിൽനിന്നും തിൻമകളിൽനിന്നുമുള്ള രക്ഷതേട്ടം അവയിലുൾപ്പെടുന്നതുകൊണ്ട് അവ മതി. മാത്രമല്ല, മറ്റേതിനേക്കാളും ഉൽകൃഷ്ടവും ശ്രേഷ്ഠവും അവയാണ് എന്നേ അർത്ഥമുള്ളൂ. കാരണം, ഇവയെല്ലാത്തതുകൊണ്ടുള്ള അഭയ പ്രാർത്ഥനകളും ഹദീസിൽ വന്നിട്ടുണ്ട്. (അമാനി മൗലവി, ഇസ്ലാമിക ജീവിതം, പേജ് 450)

**ചോദ്യം: എങ്കിൽ പിന്നെ കണ്ണേറ് ബുദ്ധിക്ക് എതിരാണെന്ന് പറയുന്നവരുടെ കാര്യമോ?**

**അമാനി മൗലവി (റഹി):**

കണ്ണേറിനെപ്പറ്റി അല്പം സംഗതികൾ ഇവിടെ പറയാം. കണ്ടതും കേട്ടതുമൊക്കെ കണ്ണേറിന്റെ ഫലമാണെന്നു ധരിക്കുകയും അതിനുവേണ്ടി മന്ത്രവാദം നടത്തിക്കുകയും ചെയ്യുന്ന ചിലരുണ്ട്.

---

[9] ഈ ഹദീഥിന്റെ പരമ്പര സ്വഹീഹാണെന്ന് ശൈഖ് അൽബാനി സ്ഥിരീകരിച്ചു. (*തഖ്രീജ് മിശ്കാത്ത്*: ന. 4560)

[10] ഈ ഹദീഥിന്റെ പരമ്പര സ്വഹീഹാണെന്ന് ശൈഖ് അൽബാനി സ്ഥിരീകരിച്ചു. (*തഖ്രീജ് മിശ്കാത്ത്*: ന. 4563, *സ്വഹീഹുൽ ജാമിഅ്*: ന. 4902)

അപ്രകാരം തന്നെ, കണ്ണേറിനെത്തന്നെ നിഷേധിക്കുകയും അങ്ങനെയൊന്നുണ്ടെന്ന് പറയു ന്നവരെ വിഡ്ഢികളാക്കി ഗണിക്കുകയും ചെയ്യുന്നവരുമുണ്ട്. എന്നാൽ കണ്ണേറ് ഉണ്ടെന്ന് വ്യക്തമാക്കുന്ന ഹദീസുകൾ നാം കണ്ടുകഴിഞ്ഞു. അതിനാൽ ഹദീസിൽ വിശ്വസിക്കുന്നവർ ക്കാർക്കും തന്നെ അങ്ങനെയൊന്ന് ഇല്ലെന്ന് പറഞ്ഞുകൂടാ. ഇബ്നുൽഖയ്യിമിനെ ഉദ്ധരിച്ചു കൊണ്ട് നമുക്കിക്കാര്യം കൂടുതൽ മനസിലാക്കാം. നാം മുമ്പുദ്ധരിച്ച അബൂസഈദിൽ ഖുദ്രി (റ)യുടെ ഹദീസും മറ്റും ഓർമ്മിപ്പിച്ചുകൊണ്ട് ഇബ്നുൽഖയ്യിം പറയുന്നു,

"ബുദ്ധികൊണ്ടും അറിവുകൊണ്ടും വളരെയൊന്നും അനുഗ്രഹിക്കപ്പെട്ടിട്ടില്ലാത്ത ചിലയാളുകൾ കണ്ണേറ് നിഷേധിക്കുന്നുണ്ട്. അത് യാഥാർത്ഥ്യമല്ല. വെറും ഊഹാപോഹമാണെന്നാണ് അവർ പറയുന്നത്. ബുദ്ധിയും അനുഭവ ജ്ഞാനവും മതപരമായ അറിവും കുറഞ്ഞ മൂഢൻമാരും മൂഢധാരണകളുടെ കട്ടിയേറിയ മറയ്ക്കകത്ത് കഴിയുന്നവരും അതേസമയം തൊലിക്കട്ടി കൂടി യവരുമാണവർ. മനസിനെയോ ആത്മാവിനെയോ സംബന്ധിച്ചോ അവയുടെ ഗുണങ്ങളെയോ പ്രവർത്തനങ്ങളെയോ പ്രതിഫലനങ്ങളെയോ സംബന്ധിച്ചോ വിദൂര ജ്ഞാനമേ അവർക്കുള്ളൂ. ജാതിമതഭേദമന്യേ ഒരു സമുദായത്തിലെയും ബുദ്ധിമാൻമാർ കണ്ണേറ് നിഷേധിക്കുകയോ തള്ളുകയോ ചെയ്യുന്നവരല്ല. കണ്ണേറിന്റെ കാരണത്തെപ്പറ്റി അവർക്കിടയിൽ അഭിപ്രായ വ്യത്യാസ മുണ്ടായിരിക്കാമെന്നു മാത്രം." (അമാനി മൗലവി, ഇസ്ലാമിക ജീവിതം, പേജ് 458-459)

**ചോദ്യം: ചുരുക്കത്തിൽ ജിന്ന്-പിശാചുക്കളിൽ നിന്നുള്ള ഉപദ്രവത്തിൽ നിന്ന് രക്ഷതേടൽ അനി വാര്യമാണെന്ന് മനസിലായി. രക്തസഞ്ചാരമുള്ളേടത്തെല്ലാം പിശാച് സഞ്ചരിക്കുമെന്ന് ഒരു നബിവാക്യം ഉണ്ടെന്നു പറഞ്ഞല്ലോ. എന്നാൽ പിശാച് മനുഷ്യനെ ബാധിക്കും എന്നതിന് എന്താണ് തെളിവ്?**

**അമാനി മൗലവി (റഹി):**

പലിശ തിന്നുന്നവരെപ്പറ്റി .... لا يقومون إلا كما يقوم [ബാധ നിമിത്തം പിശാച് മറിച്ച് വീഴ്ത്തുന്നവൻ എഴുന്നേൽക്കുന്നതുപോലെയല്ലാതെ അവർ എഴുന്നേൽക്കുകയില്ല] എന്നത്രെ അല്ലാഹു പറഞ്ഞത്. ഭ്രാന്തിനെ ഉദ്ദേശിച്ച് مس (മസ്സ്) എന്ന് അറബികൾ പറയാറുണ്ടായിരുന്നു. 'ബാധ, സ്പർശനം' എന്നൊക്കെയാണ് അതിന് വാക്കർത്ഥം. പിശാചിന്റെ ബാധനിമിത്തമാണ് ഭ്രാന്തുണ്ടാകുന്നത് എന്ന അവരുടെ ധാരണയിൽ നിന്നാണ് ഭ്രാന്തിനെ ഉദ്ദേശിച്ച് ആ വാക്ക് പ്രയോഗത്തിൽ വന്നത്. ആ ധാരണ അനുസരിച്ചുള്ള പ്രയോഗം മാത്രമാണ് പിശാച് മറിച്ചു വീഴ്ത്തുക (يتخبطه الشيطان) എന്ന വാക്ക് - അഥവാ പിശാച് ആരെയും മറിച്ചു വീഴ്ത്തുന്നില്ല - എന്ന് ചിലർ പറയുന്നു. പല കാരണങ്ങളാൽ ഈ അഭിപ്രായം അപ്പടി ശരിവെക്കുവാൻ ന്യായം കാണുന്നില്ല. (അമാനി മൗലവിയുടെ തഫ്സീർ, സൂറഃ അൽബഖറഃ 275-ാം ആയത്തിന്റെ വ്യാഖ്യാനം)

**ചോദ്യം: ഇപ്രകാരമെല്ലാം പഠിപ്പിക്കുമ്പോൾ പിശാചിനെ മൊത്തത്തിൽ ഭയപ്പെടുന്ന ഒരു അവസ്ഥയല്ലെ വിശ്വാസികളിൽ സംജാതമാകുക? അതുകൊണ്ടുതന്നെ പിശാചിനെ ഭയപ്പെടേണ്ട ആവശ്യമില്ല എന്ന് ഉണർത്തുന്നതല്ലെ ഏറ്റവും ഉചിതം?**

**അമാനി മൗലവി (റഹി):**

ചില പരമാർത്ഥങ്ങൾ ഇവിടെ ഓർമിക്കുന്നത് നന്ന്. ഒരാൾക്കു അല്ലാഹുവിനെക്കുറിച്ചുള്ള ബോധവും, ഭയഭക്തിയും എത്ര കണ്ടുണ്ടോ അത്രകണ്ടു അവൻ പിശാചിന്റെ ചതിയെക്കുറിച്ചു ഭയപ്പെടുന്നവനും, പിശാചിൽ നിന്നുള്ള രക്ഷക്കുവേണ്ടി അല്ലാഹുവിനോടു പ്രാർത്ഥി ക്കുന്നവനുമായിരിക്കും. ഒരാൾക്കു പിശാചിന്റെ കെണിയിൽ അകപെടുന്നതിനെക്കുറിച്ച് ഭയമി

ല്ലെങ്കിൽ, അതിനുള്ള കാരണം അവന്റെ വിശ്വാസദാർഢ്യമോ, മറ്റേതെങ്കിലും ഉൽകൃഷ്ടഗുണമോ അല്ല. ഒന്നുകിൽ, അല്ലാഹുവിന്റെയും റസൂലിന്റെയും വചനങ്ങളിൽ വേണ്ടത്ര വിശ്വാസമില്ലായ്മ, അഥവാ അദൃശ്യസൃഷ്ടികളായ ജിന്നു വർഗ്ഗത്തെയും, അവരിൽപെട്ട പിശാചുക്കളെയും നിഷേധിക്കുന്നവരായിരിക്കുക. അതല്ലെങ്കിൽ, പിശാചിന്റെ ദുർമന്ത്രങ്ങൾക്കു ഒരിക്കലും വിധേയനാകാത്തവണ്ണം - പ്രവാചകൻമാരെപ്പോലെയോ, അതിലും ഉപരിയായോ – ഉന്നത നിലവാരത്തിലുള്ള ആളാണ് താനെന്ന ഒരു അഹംകാരം. രണ്ടിലൊന്നായിരിക്കും അതിനു കാരണം. കാരണം ഏതായാലും ശരി, അത്തരക്കാരുടെ ഹൃദയമാണ് നിഷ്പ്രയാസം പിശാചിനു സ്വൈരവിഹാരം നടത്തുവാൻ ഏറ്റവും ഉതകുന്ന രംഗം. അവനെക്കൊണ്ടു എന്തു ചെയ്യിക്കുവാനും, എന്തു പറയിക്കുവാനും പിശാചിനു നിരുപാധികം സാധ്യമാണല്ലോ. പിശാചിന്റെ വഞ്ചനയിൽ അകപ്പെടുന്നതിനെപ്പറ്റി ഭയവും ശ്രദ്ധയും ഉള്ളവനാകട്ടെ, അല്ലാഹു ചൂണ്ടിക്കാട്ടിയതുപോലെ, സദാ അതിനെക്കുറിച്ചു ജാഗരൂകനായിരിക്കുന്നതു കൊണ്ടു യഥേഷ്ടം അവനെ വഴിപിഴപ്പിക്കുവാൻ പിശാചിനു സാധ്യമാകുന്നതുമല്ല. (അമാനി മൗലവി തഫ്സീർ, സൂറ അഅ്റാഫ് 201-202 ആയത്തുകളുടെ വ്യാഖ്യാനം)

**ചോദ്യം:** എങ്കിൽ പിന്നെ ഇസ്ലാമിക പ്രമാണങ്ങളിൽ വന്നിട്ടുള്ള ഇത്തരം മതവിജ്ഞാനങ്ങൾ മറച്ചുവെക്കുന്നത് തെറ്റായിട്ടല്ലെ നാം മനസിലാക്കേണ്ടത്? അതിനെക്കുറിച്ച് പ്രാമാണികമായി എന്തെങ്കിലും ശ്രദ്ധയിൽപെടുത്താനുണ്ടോ?

**അമാനി മൗലവി (റഹി):**

അബൂഹുറൈറ(റ) പറഞ്ഞതായി ബുഖാരി(റ) ഉദ്ധരിക്കുന്നു: 'അല്ലാഹുവിന്റെ കിതാബിലുള്ള ഒരു ആയത്ത് ഇല്ലായിരുന്നുവെങ്കിൽ, ഞാൻ നിങ്ങൾക്കു ഒരു വിവരവും പറഞ്ഞുതരുമായിരുന്നില്ല.' തുടർന്നുകൊണ്ട് അദ്ദേഹം ഈ വചനം[11] ഓതുകയും ചെയ്തു. റസൂൽ(സ) അരുളിചെയ്തതായി അബൂഹുറൈറ(റ)യിൽ നിന്നും ഇപ്രകാരവും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: 'ആരോടെങ്കിലും ഒരു അറിവിനെക്കുറിച്ചു ചോദിക്കപ്പെട്ടിട്ട് അവൻ അത് (ശരിക്കു പറഞ്ഞുകൊടുക്കാതെ) മറച്ചുവെക്കുന്ന പക്ഷം, ഖിയാമത്തു നാളിൽ അവനു അഗ്നിയാലുള്ള ഒരു കടിഞ്ഞാണിടപ്പെടുന്നതാകുന്നു.' (ദാ; തി.) അബൂഉമാമ(റ)യിൽ നിന്നും നിവേദനം ചെയ്യപ്പെട്ട ഒരു നബി വചനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: 'നിശ്ചയമായും, അല്ലാഹുവും, അവന്റെ മലക്കുകളും, ആകാശങ്ങളിലും ഭൂമിയിലുള്ളവരും - മാളത്തിലുള്ള ഉറുമ്പുപോലും - ജനങ്ങൾക്ക് നല്ല കാര്യം പഠിപ്പിക്കുന്ന ആളുടെ മേൽ അനുഗ്രഹം നേരുന്നതാണ്.' (തി.) ജനങ്ങൾക്കുവേണ്ടപ്പെട്ട കാര്യങ്ങൾ പഠിപ്പിക്കുന്നവർക്ക് ലഭിക്കുന്നതായി നബി(സ) പ്രസ്താവിച്ച ഈ മഹാഭാഗ്യത്തിന്റെ നേരെ വിപരീത ഫലമാണ്, അറിവുണ്ടായിട്ടും അത് മൂടിവെക്കുന്നവർക്ക് അല്ലാഹു ഈ വചനത്തിൽ താക്കീതു ചെയ്തിരിക്കുന്നത്. മതവിജ്ഞാനങ്ങൾ പഠിക്കുകയും, പഠിപ്പിക്കുകയും ചെയ്യാതിരിക്കുന്നതിനേക്കാൾ കടുത്ത അക്രമമാണല്ലോ അറിഞ്ഞിട്ടും പിന്നെയും കൽപിച്ചുകൂട്ടി അത് മൂടിവെക്കുന്നത്. അല്ലാഹുവിനോടും, വേദഗ്രന്ഥത്തോടും, ജനങ്ങളോടും, സ്വന്തം ആത്മാവിനോടും ചെയ്യുന്ന കടുത്ത വഞ്ചനയും അനീതിയുമാണത്. അതുകൊണ്ട് അതുമൂലം

[11] "നിശ്ചയമായും, (വ്യക്തമായ) തെളിവുകളായും, മാർഗദർശനമായും നാം അവതരിപ്പിച്ചിട്ടുള്ളതിനെ - വേദഗ്രന്ഥത്തിൽ നാം അത് മനുഷ്യർക്ക് വേണ്ടി വിവരിച്ചതിനുശേഷം - മറച്ചുവെക്കുന്നവർ, (അതെ,) അക്കൂട്ടർ - അവരെ അല്ലാഹു ശപിക്കുന്നതാണ്; (മറ്റ്) ശപിക്കുന്നവരും അവരെ ശപിക്കുന്നതാണ്" എന്ന സാരം വരുന്ന സൂറഃ ബഖറയിലെ 159ാം ആയത്താണ് അബൂഹുറൈറ(റ) ഓതിയത്.

നേരിടുന്ന ഭവിഷ്യത്തും അതിഭയകരമായിരിക്കും. അതെ, അല്ലാഹുവിന്‍െറ ശാപവും, ശപിക്കുന്ന എല്ലാവരുടെയും ശാപങ്ങളും!

(അമാനി മൗലവിയുടെ തഫ്സീര്‍, സൂറഃ അല്‍ബഖറഃ 159-ാം ആയത്തിന്‍െറ വ്യാഖ്യാനം)

**ചോദ്യം:** അവസാനമായി, വിശ്വാസികളോട് അവര്‍ക്ക് ബാധിക്കാവുന്ന ദോഷങ്ങളില്‍ നിന്നുള്ള ഒരു കരുതല്‍ എന്ന നിലക്ക് ഉപദേശിക്കുവാനുള്ളത് എന്താണ്?

**അമാനി മൗലവി (റഹി):**

മനുഷ്യസ്വഭാവങ്ങള്‍, ചൂടും തണുപ്പുംപൊലെയുള്ള പ്രകൃതിമാറ്റങ്ങള്‍, വീട്, വാഹനം തുടങ്ങിയ ഉപകരണങ്ങള്‍ ആദിയായവയൊന്നും തന്നെ ഇതില്‍നിന്നൊഴിവില്ല. പിശാചു, ദുഷ്ടജന്തുക്കള്‍, രോഗങ്ങള്‍ മുതലായവയുടെ കാര്യം പറയേണ്ടതുമില്ല. ഇങ്ങിനെയുള്ള കണക്കറ്റ ദോഷങ്ങളില്‍ ചിലതെല്ലാം മനുഷ്യന്‍െറ മുന്‍കരുതല്‍കൊണ്ടോ, പ്രതിരോധനടപടി കൊണ്ടോ ഒഴിവായെന്നു വരാം. കഴിയുന്നത്ര സൂക്ഷ്മത ഉണ്ടായിരിക്കല്‍ ആവശ്യവുമാണ്. എന്നാല്‍ അതും ഫലപ്രദമായിത്തീരുന്നതു അല്ലാഹുവിന്‍െറ സഹായത്തോടെ മാത്രമായിരിക്കും. മിക്കതില്‍നിന്നും രക്ഷ ലഭിക്കുന്നതില്‍ മനുഷ്യര്‍ക്കോ മറ്റു വല്ലവര്‍ക്കോ ഒരു പങ്കും ഉണ്ടായിരിക്കയുമില്ല. ഇത്രയും പറഞ്ഞതില്‍നിന്നു ഈ വാക്യത്തിന്‍െറ[12] വൈപുല്യവും പ്രാധാന്യവും ഊഹിക്കാമല്ലോ. നബി(സ) തിരുമേനിയുടെ ഹദീസുകള്‍ പരിശോധിച്ചാല്‍ ഈ വസ്തുത കൂടുതല്‍ മനസിലാക്കാവുന്നതാണ്. ...

അവിശ്വാസം, കപടവിശ്വാസം, ദാരിദ്ര്യം, അപമാനം, ഉപകാരം ചെയ്യാത്ത അറിവ്, സ്വീകാര്യമല്ലാത്ത കര്‍മ്മം, ഉത്തരം കിട്ടാത്ത പ്രാര്‍ത്ഥന, ഭയഭക്തിയില്ലാത്ത ഹൃദയം, തൃപ്തി വരാത്ത മനസ്, ദുര്‍ബലത, ലുബ്ധത, ഭീരുത്വം, മടി, അശുഭകരമായ പര്യവസാനം, വാര്‍ദ്ധക്യക്ഷീണം, ശത്രുക്കളുടെ സന്തോഷം, ദുഃഖം, വ്യസനം, ധനംകൊണ്ടുള്ള ആപത്തു, വഞ്ചന, അസൂയ, കണ്ണേറു (കരികണ്ണ്), ജീവിതത്തിലെ പരീക്ഷണങ്ങള്‍, മഹാരോഗങ്ങള്‍ എന്നിങ്ങിനെ അല്ലാഹു സൃഷ്ടിച്ചവയുടെ കെടുതലുക(شر ما خلق)ളില്‍നിന്നു ശരണം തേടുക എന്നതിന്‍െറ വ്യാപ്തിയും, ഉദാഹരണങ്ങളും ഇതില്‍നിന്നെല്ലാം വ്യക്തമാണ്. ചില ഹദീസു ഗ്രന്ഥങ്ങളില്‍ ഇത്തരം പ്രാര്‍ത്ഥനകള്‍ക്കു പ്രത്യേകം അദ്ധ്യായങ്ങള്‍ (باب الاستعاذات) തന്നെ ഏര്‍പ്പെടുത്തിക്കാണാം. സത്യവിശ്വാസി അതെല്ലാം അറിയുകയും മാതൃകയാക്കുകയും ചെയ്യല്‍ അത്യാവശ്യമത്രെ. (അമാനി മൗലവിയുടെ തഫ്സീര്‍, സൂറഃ ഫലഖ് വ്യാഖ്യാനം, പേജ് 3636)

തയ്യാറാക്കിയത്: അന്‍വര്‍ അബൂബക്കര്‍

[12] مِن شَرِّ مَا خَلَقَ എന്ന വചനമാണ് അമാനിമൗലവി(റഹി) വിശദീകരിക്കുന്നത്.